II ഇ.ബി. XII - കേരള നിയമസഭ/VII-2

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ചോദ്യോത്തരങ്ങൾ-സംഗ്രഹം

2008 ഫെബ്രുവരി 26, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (*31) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ഇപ്പോൾത്തന്നെ സംസ്ഥാനത്തെ വിവിധ എയർപോർട്ടുകൾ, റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലും പ്രധാന ടൂറിസം കേന്ദ്രങ്ങളിലും സംസ്ഥാന ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ ഓഫീസുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസം വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ മുഖേനയും ടൂറിസ്റ്റുകൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കിവരുന്നു. കൂടാതെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ഇക്കാര്യത്തിൽ സജീവമായ പങ്കാളിത്തം വഹിച്ചുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പോലീസിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിനുപുറത്ത് പ്രവർത്തിക്കുന്ന കേരള ടൂറിസത്തിന്റെ

ഇൻഫർമേഷൻ ഓഫീസുകളും സംസ്ഥാനം സന്ദർശിക്കാനെത്തുന്ന ടൂറിസ്റ്റുകൾക്ക് മുൻകൂട്ടിത്തന്നെ ടൂറിസ്റ്റ് ഇൻഫർമേഷൻ, താമസസൗകര്യമൊരുക്കൽ യാത്രാസൗകര്യമൊരുക്കൽ എന്നിവയെല്ലാം ലഭ്യമാക്കുന്നുണ്ട്. വിവിധ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ സംവിധാനങ്ങൾ, അംഗീകൃത ടൂർ ഗൈഡുകൾ, ഹോസ്പ്പിറ്റലുകൾ, ഇൻഫർമേഷൻ ഓഫീസുകൾ, റസ്റ്റാറന്റുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രങ്ങളായ ബ്രോഷറുകളും ലഘുലേഖകളും ഇൻഫർമേഷൻ ഫെസിലിറ്റേഷൻ ഓഫീസുകളിലൂടെ ലഭ്യമാക്കിവരുന്നുണ്ട്. ടൂറിസം വെബ്സൈറ്റിലൂടെ എറ്റവും പുതിയ വിവരങ്ങളും ലഭ്യമാക്കിവരുന്നുണ്ട്. ടൂറിസ്റ്റുകളിൽ നിന്നും ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ടൂറിസം വകുപ്പിന്റെ ജില്ലാതല ഓഫീസുകളും നിലവിൽ കൈകാര്യംചെയ്തുവരുന്നു. പരാതിയും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നതിനായി ടൂറിസം വകുപ്പിൽ അഡീഷണൽ ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ സെൽ പ്രവർത്തിക്കുന്നുണ്ട്. . ജില്ലാതലത്തിൽ പരാതി, നിർദ്ദേശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനായുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ജില്ലാതല ഓഫീസുകൾ ഇതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതായിരിക്കും. അറുനൂറിൽപ്പരം ഡ്രൈവർമാർക്കായി മൂന്ന് ദിവസം നീണ്ടുനിന്ന 'ലെറ്റസ് ലേൺ' എന്ന പരിശീലന പദ്ധതി 2007 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി മസ്കറ്റ് ഹോട്ടൽ, (തിരുവനന്തപുരം) ട്രാവൻകൂർ കോട്ട് (എറണാകുളം) ഗസ്റ്റ്ഹൗസ് (എറണാകുളം) എന്നിവിടങ്ങളിൽവച്ച് നടത്തുകയുണ്ടായി. കിറ്റ്സ്, ഐ.എച്ച്. എം.സി.റ്റി. തുടങ്ങിയ പ്രശസ്ത പരിശീലന കേന്ദ്രങ്ങളാണ് ഈ പരിപാടി

കൾക്ക് നേതൃത്വം നൽകിയത്. കേരള ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസിന്റെ (കിറ്റ്സിന്റെ) ആഭിമുഖ്യത്തിൽ ടൂറിസ്റ്റുകളുമായുള്ള ആശയ വിനിമയത്തിനുള്ള പരിശീലനം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളിലെ ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്ക് നൽകി. കിറ്റ്സിന്റെ ആഭിമുഖ്യത്തിൽ കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽവച്ച് ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്കും ആട്ടോറിക്ഷാ ഡ്രൈവർമാർക്കും ആശയവിനിമയ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പരിശീലന പരിപാടികൾ ഇനിയും തുടരുന്നതാണ്. വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പിൽ പ്രത്യേകം രൂപീകരിച്ച ടൂറിസ്റ്റ് പോലീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസണിൽ കൂടുതൽ ടൂറിസ്റ്റ് പോലീസിനെ നിയമിക്കുക, പോലീസ് ഹെൽപ് ലൈൻ സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. പ്രധാനപ്പെട്ട ബീച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലൈഫ്ഗാർഡുകളേയും നിയമിച്ചിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള പദ്ധതി ഗവണ്മെന്റ് തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ലോകനാർകാവ്, കാപ്പാട്, പെരുവണ്ണാമൂഴി, തുഷാരഗിരി എന്നിവയും നിലമ്പൂരും വയനാട് ജില്ലയിലെ പൂക്കോടും പരസ്പരം ബന്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ടൂറിസം കോറിഡോർ പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ അതാതു കേന്ദ്രങ്ങളിൽ നടത്തിവരുന്നുണ്ട്. കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാടും ഇരിങ്ങലും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കരകൗശല വസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി ഇരിങ്ങലിൽ തുടങ്ങാൻ തീരുമാനിച്ച ക്രാഫ്ട് വില്ലേജിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ടൂറിസം വികസനത്തിന്റെ ഭാഗമായി വനവും പ്രകൃതി സമ്പത്തും സംരക്ഷിക്കുന്നതാണ്. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധത്തിലാണ് ഇക്കോ-ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ആലുവയിലെ പരുന്തുറാഞ്ചി മണൽപ്പുറത്തെ 30 ഏക്കർ സ്ഥലം ടൂറിസവുമായി ബന്ധപ്പെടുത്തുന്ന കാര്യവും വിവിധ പ്രദേശങ്ങളിലേയ്ക്ക് അവിടെനിന്നും ബോട്ട് യാത്ര സംഘടിപ്പിക്കുന്ന കാര്യവും ഗവണ്മെന്റ് പരിശോധിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി. വിദേശ ടൂറിസ്റ്റുകളുടെ ഭാഷകൾ സംസാരിക്കാൻ കഴിയുന്നവിധത്തിൽ സർവ്വകലാശാലാ സെന്ററുകളും വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുമായി ബന്ധപ്പെട്ടുകൊണ്ട് ടൂറിസ്റ്റ് ഗൈഡുകൾക്കുള്ള പരിശീലനപരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പ് തുടക്കം കുറിച്ച വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കാനുതകുന്ന ഹൈഡൽ ടൂറിസം പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടൂറിസ്റ്റുകൾക്ക് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് സ്വകാര്യ ഏജൻസികളുമായും കെ.എസ്.ആർ.ടി.സി.യുമായും ആലോചിച്ച് ബസ് സർവ്വീസ് നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുള്ള കൊല്ലം ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്. അതതു സ്ഥലത്തെ എം.എൽ.എ.മാർ ചെയർമാനായുള്ള സ്റ്റാറ്റ്യൂട്ടറി

അധികാരത്തോടുകൂടിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടനേ രൂപീകരിക്കുന്നതാണ്. ഗുരുവായൂരിലെ ആനക്കോട്ടയ്ക്ക് കൂടുതൽ പ്രചരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് 1986-ൽ കേരളത്തിൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റിംഗ് ലക്ഷ്യമാക്കിക്കൊണ്ട് വിദേശരാജ്യങ്ങളിലുൾപ്പെടെ പ്രധാനപ്പെട്ട നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ച് കേരള ടൂറിസത്തിന് പ്രചരണം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച ടൂറിസം സംസ്ഥാനം എന്ന അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നകാര്യം സജീവമായി പരിഗണിച്ചുവരികയാണ് ഹൗസ് ബോട്ടുകളിലും മോട്ടോർ ബോട്ടുകളിലും യാത്ര ചെയ്യുമ്പോൾ വെള്ളത്തിൽവീണ് മരണമടയുന്നത് തടയുന്നതിന് തൊഴിലാളികൾക്കും ജീവനക്കാർക്കും ജീവൻരക്ഷാപ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. തേക്കടിയിൽ ബോട്ടിംഗിനെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് അവിടത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതിക്ക് ഗവണ്മെന്റ് രൂപം നൽകുന്നതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശീയ-തദ്ദേശീയ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കേരളത്തിൽ

വൻതോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ബീച്ച് ടൂറിസം വികസിപ്പിക്കുന്നതിന് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇന്ത്യയിലെ ഏക ഡ്രൈവ്-ഇൻ ബീച്ചായ മുഴുപ്പിലങ്ങാടും ധർമ്മടം തുരുത്തും ചേർത്ത് ടൂറിസ്റ്റ് വികസന കേന്ദ്രം ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ കായൽ ടൂറിസത്തിന് തടസ്സമായ പായൽ നീക്കം ചെയ്യുന്നതിനുള്ള ടെക്നോളജി പരിശോധിച്ചുവരുന്നു. അതിരപ്പിള്ളി, വാഴച്ചാൽ എന്നിവിടങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നതായി മന്ത്രി അറിയിച്ചു.

7 (*32) <u>സഹകരണമേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി ( ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിൽ പുതുതായി പ്രൊഫഷണൽ കോളേജുകൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ നിയോജക മണ്ഡലങ്ങളിൽ ഓരോന്നു വീതം. 140 പ്രൊഫഷണൽ കോളേജുകൾ സഹകരണ മേഖലയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുൻകയ്യെ ടുത്ത് ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ ഭാഗ മായി കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ പുന്നപ്രയിൽ മാനേജ്മെന്റ് സ്കൂൾ, ഫിനിഷിംഗ് സ്കൂൾ, എൻജിനീയറിംഗ് കേളേജ്, ആറന്മുളയിൽ ഒരു എൻജീനീയറിംഗ് കോളേജ്, വടക്കൻ പറവൂരിൽ മാനേജ്മെന്റ് സ്കൂൾ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു നഴ്സിംഗ് കോളേജ്, ഫാർമസി

കോളേജ്, ദന്തൽ കോളേജ്, സ്കൂൾ ഓഫ് പാരാമെഡിക്കൽ സയൻസ് എന്നിവകൂടി ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിലുള്ള നെയ്യാർ ഡാമിനടുത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനത്തിൽ എം.ബി.എ കോഴ്സുകൾ ഈ വർഷവും എം.സി.എ. കോഴ്സുകൾ, സഹകരണ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ അടുത്ത വർഷവും ആരംഭിക്കുന്നതാണ്. മേൽ സ്ഥാപനങ്ങൾക്ക് പുറമേ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സഹകരണ മേഖലയിലെ പല സംഘങ്ങളും/ബാങ്കുകളും മുന്നോട്ടു വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മൺവിളയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കോ-ഓപ്പറേറ്റിവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ടെക്നോളജി (സിമാറ്റ) എന്ന സ്ഥാപനം ആരംഭിക്കുകയും എം.ബി.എ,. എം.സി.എ കോഴ്സുകൾ പ്രാരംഭമായി തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. എം.ബി.എ. കോഴ്സുകൾ 2008-09-ൽ ആരംഭിക്കുന്നതാണ്. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജില്ലയിലെ ചില സഹകരണ സ്ഥാപനങ്ങൾ കൂടി കൺസോർഷ്യം ഉണ്ടാക്കി Rural Accademy for Management Studies (RAMS) എന്ന സ്ഥാപനം അരംഭിക്കുകയും 2008-09-ൽ ടി. സ്ഥാപനത്തിൽ എം.ബി.എ. ഉൾപ്പെടെയുള്ള മാനേജ്മെന്റ് പഠന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിനായി ഒരു പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാ

നിക്കുകയും ആയതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ (കൺസ്യൂമർ ഫെഡ്) ആഭിമുഖ്യത്തിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ മാത്തിൽ എന്ന സ്ഥലത്ത് എം.ബി.എ. (Retail Trading) കോഴ്സ് അടുത്ത വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നതിനും എം.ബി.എ. ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുമായി ബാങ്കിന്റെ നേതൃത്വത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കൊല്ലം ജില്ലയിൽ മയ്യനാട് സർവ്വീസ് സഹകരണ ബാങ്കും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറത്ത് ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ.യുടെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ GEMS (Global Education and Management Studies) എന്ന സ്ഥാപനത്തിനു കീഴിൽ എൻജിനീയറിംഗ് കോളേജ്, ലാ അക്കാഡമി, എം.ബി.എ. കോളേജ്, ഫാഷൻ ടെക്നോളജി അടക്കമുള്ള നൂതനമായ ബിരുദങ്ങൾക്കായുള്ള കോളേജുകൾ എന്നിവ തുടങ്ങാനുള്ള പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ മാസം തറക്കല്ലിട്ടു കഴിഞ്ഞു. കണ്ണൂരിൽ മാടായിലും, കാസർഗോഡ് മഞ്ചേശ്വരത്തും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. കാസർഗോട്ടും, തളിപ്പറമ്പിലും നിലവിലുള്ള സംഘങ്ങൾ ഇതിനായി മുന്നോട്ടു വന്നിട്ടുണ്ട്. ഇത്തരത്തിൽ എം.പി.മാർ,.

എം.എൽ.എ.മാർ എന്നിവരടക്കമുള്ള ജനപ്രതിനിധികൾ ഈ സംരംഭവുമായി സഹകരിച്ചുമുന്നോട്ടുപോവുകയാണ്. ഇതിനുപുറമെ കൊല്ലം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിലുള്ള മെഡിക്കൽ എൻജിനീയറിംഗ് കോളേജുകളിൽ 50% സീറ്റുകളിൽ സർക്കാർ കോളേജുകളിലെ ഫീസ് നിരക്കും ബാക്കിയുള്ള 50% സീറ്റുകളിൽ (15% എൻ.ആർ.ഐ ഉൾപ്പെടെ) സർക്കാർ നിശ്ചയിച്ച ഉയർന്ന ഫീസ് നിരക്കുമാണ് ബാധകമായിട്ടുള്ളത്. ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി, കേരള സർക്കാർ എന്നിവ പരസ്പരം കൂടി ആലോചിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുന്ന ഫീസാണ് വാങ്ങുന്നത്. സഹകരണമേഖലയിലെ കോളേജുകളെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷമായി ഏതാണ്ട് 57 കോടി രൂപ വായ്പയെടുത്താണ് പ്രസ്തുത കോളേജുകൾ പ്രവർത്തിക്കുന്നത്. ഗവണ്മെന്റിന്റെ തീരുമാനപ്രകാരം കോടതി നിയമങ്ങൾ പാലിച്ചുകൊണ്ട് പരമാവധി കുറഞ്ഞ ഫീസ് വാങ്ങിക്കൊണ്ട് വിദ്യാഭ്യാസം നൽകുന്നതിനുള്ള വേദിയായിട്ടാണ് സഹകരണ മേഖല മുന്നോട്ടുവന്നതെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ചുകൊണ്ടുമാത്രമാണ് സഹകരണ മേഖലയിലെ ഫീസ് തീരുമാനിക്കുന്നത്. സഹകരണ മേഖലയിൽ ഫീസ് ക്രമാതീതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, . പൊതുമേഖലയിൽ നിന്നും ഗവണ്മെന്റിൽ നിന്നും സബ്സിഡി ലഭിക്കുകയാണെങ്കിൽ കുട്ടികളിൽ നിന്നും വാങ്ങുന്ന ഫീസ് ഇനിയും കുറയ്ക്കാൻ കഴിയുമെന്നും അദ്ദേഹം

വ്യക്തമാക്കി. 32 സഹകരണ കോളേജുകൾകൂടി തുടങ്ങാനുള്ള പ്രൊപ്പോസലുണ്ടെന്ന് മന്ത്രി അറിയിച്ചു. സഹകരണ പാരലൽ കോളേജുകളെ ഉപയോഗപ്പെടുത്തി പ്രൊഫഷണൽ കോളേജ് അനുവദിക്കാനുദ്ദേശമില്ലെന്നും അവർക്ക് അവരുടെ മാനേജ്മെന്റിൽ നിന്നും പ്രൊഫഷണൽ എക്സ്പർട്ടൈസുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രൊഫഷണൽ കോളേജിനുവേണ്ടി അപേക്ഷിക്കാമെന്നും മന്ത്രി പറഞ്ഞു. കോ-ഓപ്പറേറ്റീവ് മേഖലയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ കോളേജുകൾക്കും ഗവൺമെന്റ് ഭൂമി സൗജന്യമായിട്ടാണ് കൊടുത്തിരിക്കുന്നത്. മഞ്ചേശ്വരത്ത് കോ-ഓപ്പറേറ്റീവ് കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നാൽ ക്യാബിനറ്റിൽ വച്ച് തീരുമാനമെടുക്കുന്നതാണ്. പത്തനംതിട്ടയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജ് കോ-ഓപ്പറേറ്റീവ് മേഖലയിലാണങ്കിൽ ആദ്യം ഗവണ്മെന്റിന്റെ അനുവാദം വേണ്ടെന്നും ജനനായകന്മാർ ചേർന്ന് രൂപീകരിക്കുന്ന സ്പോൺസറിംഗ് കമ്മിറ്റിക്ക് അവിടെയുള്ള കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ നിന്നും ഷെയറും കോൺട്രിബ്യൂഷനും വാങ്ങാനുള്ള പെർമിസീവ് സാങ്ഷന് അപേക്ഷിച്ചാൽ മതിയാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി ഗവണ്മെന്റിന് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ നിലവിൽ വന്നിട്ടുണ്ടെന്നും പ്രസ്തുത കൗൺസിലിന്റെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുകയുള്ളൂവെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചു.

8 (*33) തീവ്രവാദ സംഘടനകൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തീവ്രവാദ സംഘടനകളുടേയും മറ്റും പ്രവർത്തനം സംബന്ധിക്കുന്ന വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളവയാകയാൽ അത് വെളിപ്പെടുത്തുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ വെളിപ്പെടുത്താനാവില്ലെന്നും എന്നാൽ ഇവയുടെ പ്രവർത്തനം ഗൗരവത്തോടുകൂടി സർക്കാർ നിരീക്ഷിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. തീവ്രവാദ സംഘടനകളുടെ ആശയവും പ്രചരണവും മറ്റ് തരത്തിൽ ആളുകളെ ആകർഷിക്കാനുള്ള പ്രവർത്തനവും സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലുള്ള തീവ്രവാദ പ്രവർത്തനം കേരളത്തിൽ ഇല്ല എന്നാണ് നിരീക്ഷണത്തിൽനിന്നും മനസ്സിലാകുന്നത്. പരമാവധി ജനപങ്കാളിത്തത്തോടുകൂടി ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ ജോലിക്കായി വരുന്നവരെ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കാൻ സാധ്യമല്ലെങ്കിലും അവർ സംസ്ഥാനത്തുവന്ന് തീവ്രവാദപ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഏതെങ്കിലും കേസിൽ പിടിക്കപ്പെടേണ്ടവരെ അന്വേഷിച്ച് കേരളത്തിൽ വരുന്ന പോലീസുകാർക്ക് എല്ലാ സഹായങ്ങളും സംസ്ഥാന പോലീസ് ചെയ്തുകൊടുക്കാറുണ്ട്. തുടർന്നും അത്തരം നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

9 (*39) <u>തീരദേശ സുരക്ഷ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ഗവണ്മെന്റ് കേരളത്തിൽ വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി, ഫോർട്ട് കൊച്ചി, അഴിക്കോട്, ബേപ്പൂർ, അഴീക്കൽ, ബേക്കൽ എന്നിവിടങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിച്ചു. കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

10 (*51) <u>ഹവാല പണമിടപാടുകൾ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഹവാല ഇടപാടുകൾ അന്വേഷിക്കുന്നതിന് സർക്കാർ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടെന്നറിയിച്ചു. സംസ്ഥാനത്ത് നടക്കുന്ന ഹവാല ഇടപാടുകൾ നിരീക്ഷിക്കുന്നതിനും ഹവാല പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒരു മോണിറ്ററിംഗ് സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നൂതന കുറ്റാന്വേഷണ വിദ്യകൾ സംബന്ധിച്ച് പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം ഹവാല ഇടപാടുകൾ സംബന്ധിച്ച 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഞ്ച്കോടി നാൽപ്പതുലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിഎഴുപത് രൂപയുടെ ഹവാല ഇടപാടുകളാണ് കണ്ടെത്തിയിട്ടുള്ളത്. ഹവാല ഇടപാടുകൾ സംബന്ധിച്ചുള്ള അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നു.

11 (*57) <u>ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചു. പോലീസ് സേനയും പൊതുജനങ്ങളുമായുള്ള പരസ്പര സഹകരണവും പരസ്പര ധാരണയും മെച്ചപ്പെടുത്തുകയും സമൂഹത്തിൽ കുറ്റകൃത്യങ്ങൾ തടയുകയും ജനങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ജനങ്ങളോട് കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ നിരവധി പൊതുജന സേവന മേഖലകളിൽ പോലീസിന്റെ സേവനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

7 (216) <u>പോലീസ് സേനയിലെ ക്രിമിനലുകൾ</u>

പോലീസ് സേനയിൽ ക്രിമിനൽ കുറ്റം ചെയ്തതിന്റെ പേരിൽ 60 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൊലപാതക കുറ്റത്തിന് 7 പേരേയും ചതിക്ക് 8 പേരേയും പിടിച്ചുപറിക്ക് ഒരാളേയും ദേഹോപദ്രവത്തിന് 20 പേരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസ് സേനയിലുള്ളവരുടെ ക്രിമിനൽ വാസന ഇല്ലാതാക്കുന്നതിന് സേനാംഗങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും വകുപ്പുതലത്തിൽ അന്വേഷണം നടത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചുംവരുന്നു. കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതായ കുറ്റങ്ങൾ ചെയ്താൽ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

8 (233) <u>പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരായ അതിക്രമം</u>

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയുന്നതു സംബന്ധിച്ച നിയമമനുസരിച്ച് 782 കേസുകൾ എടുത്തിട്ടുണ്ട്.

9 (339) <u>വന സംരക്ഷണ സമിതികൾ</u>

സംസ്ഥാനത്ത് ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളൊഴിച്ച് ബാക്കി എല്ലാ ജില്ലകളിലും വനസംരക്ഷണ സമിതികളുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട്, നെന്മാറ, മണ്ണാർക്കാട് എന്നീ മൂന്ന് വന വികാസ ഏജൻസികളിൻകീഴിൽ 41 വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 2002 മുതൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയാണ് ഈ വന സംരക്ഷണ സമിതികൾ മുഖേന പ്രധാനമായും ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഈ പരിപാടിയിൻകീഴിൽ പാലക്കാട് ജില്ലയിൽ 2007 ഡിസംബർ അവസാനം വരെ 57.28 ലക്ഷം രൂപ ചെലവാക്കി. 2586.50 ഹെക്ടർ ശുഷ്ക വനങ്ങളിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്.

10 (345) <u>പ്രകൃതിപഠനകേന്ദ്രങ്ങൾ</u>

വനം വകുപ്പിന്റെ കീഴിൽ നെയ്യാർ, പേപ്പാറ, കോട്ടൂർ, തെന്മല, കാലടി, കുതിരാൻ, പി.ആർ.കുറുപ്പ് സ്മാരക പ്രകൃതി പഠനകേന്ദ്രം (കണ്ണൂർ) തുടങ്ങി 7 പ്രകൃതിപഠന കേന്ദ്രങ്ങൾ നിലവിലുണ്ട്.

11 (360) ലക്ഷംവീടുകളുടെ പുനരുദ്ധാരണ നടപടികൾ

ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന ലക്ഷംവീട് നവീകരണ പദ്ധതിപ്രകാരം 2500 വീടുകളുടെ പുനരുദ്ധാരണത്തിനായി 5 കോടി രൂപ ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചിട്ടുണ്ട്. 2006 മാർച്ച് വരെ 905 വീടുകളും ഏപ്രിൽ 2006 മുതൽ ജനുവരി 2008 വരെ 638 വീടുകളും പുനരുദ്ധരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ 2007-08-ലെ പല പ്രോജക്ടുകൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞ സ്ഥിതിക്ക് ബാക്കിയുള്ള 957 വീടുകളും എത്രയും പെട്ടെന്ന് പുനരുദ്ധരിക്കാൻ കഴിയുന്നതാണ്.

12 (366) ചികിൽസാ സഹായത്തിന് അനുവദിച്ച തുക

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാരിൽനിന്നും ചികിൽസാ ധനസഹായത്തിനായി 7074 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും 27867 അപേക്ഷകളും ലഭിച്ചതിൽ 5/2006 മുതൽ 21/2/2008 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6774 അപേക്ഷകർക്ക് 3,66,78,191 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 27653 അപേക്ഷകളിൽ 1,42,31,781 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

13 (376 &377) ആദിവാസി കുടുംബങ്ങൾക്ക് നൽകിയ ഭൂമിയും വീടുകളും

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1761 ആദിവാസി കുടുംബങ്ങൾക്ക് 1787.8 ഏക്കർ ഭൂമി വിതരണം ചെയ്ത് പട്ടയം നൽകിയി

ട്ടുണ്ട്. കൂടാതെ 302 കുടുംബങ്ങൾക്ക് അവർ കൈവശം വച്ചുവന്ന ഭൂമിക്ക് പട്ടയം നൽകി. ഇതിനുപുറമെ 4352 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വികസന വകുപ്പുവഴി 1803 വീടുകൾ അനുവദിച്ചതിൽ 577 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്ന 75,000 രൂപ ഗ്രാന്റ് 1-4-07 മുതൽ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

14 (394) <u>വൈദ്യുതി കണക്ഷൻ</u>

ഈ സർക്കാർ അധികാരമേറ്റശേഷം 31-01-2008 വരെ 8.78 ലക്ഷം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

15 (399) <u>വൈദ്യുതി ചാർജ് കുടിശിക</u>

31-12-2007 വരെ ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് വൈദ്യുതി കുടിശ്ശികയിനത്തിൽ 1857.29 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

16 (445) <u>സഹകരണ മേഖലയിലെ നിയമനങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള 724 സ്ഥാപനങ്ങളിലായി 1908 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.